# MASTER PLAN 2025-26




## ST. THOMAS L P S UPPUKULAM

ST. THOMAS L.P SCHOOL

LEAD ME TO LIGHT

UPPUKULAM

# ഉള്ളടക്കം

1. ആമുഖം

2. ലക്ഷ്യങ്ങൾ

3. വിദ്യാലയത്തിന്റെ ലഘുചരിത്രം.

4. വിദ്യാലയം മികവിന്റെ കേന്ദ്രം.

5. പദ്ധതി രൂപികരണ പ്രക്രിയ.

6. നിലവിലുള്ള അവസ്ഥാവിശകലനം.

7. മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ( പ്രശ്നങ്ങൾ വെല്ലുവിളികൾ.)

8. പദ്ധതി വിശദാംശങ്ങൾ (മേഖല, ഉപമേഖല, ലക്ഷ്യം, പ്രവർത്തനങ്ങൾ, കാലം, ചുമതല, സാമ്പത്തിക വിശകലനം)

9. പ്രതീക്ഷിത നേട്ടങ്ങൾ

10. മോണിറ്ററിംങ്ങ്

11. ഉപസംഹാരം.

# ആമുഖം

പൊതുവിദ്യാലയങ്ങൾ മികവിന്റെ പടവിലേക്ക് വളരെ ഊർജ്ജസ്വലമായി മുന്നേറിക്കൊണ്ടിരിക്കുന്ന ഈ കാലയളവിൽ ഓരോ വിദ്യാലയവും മികവിന്റെ കേന്ദ്രമാക്കുക, കുട്ടികളുടെ അവകാശങ്ങളെ സംരക്ഷിച്ച് വിദ്യാലയത്തിലെത്തുന്ന മുഴുവൻ വിദ്യാർത്ഥികൾക്കും സമഗ്രവും ഗുണമേന്മയുള്ളതും ശിശുസൗഹൃദ പരവുമായ വിദ്യാഭ്യാസം നൽകുക എന്ന ഗവൺമെന്റിന്റെ ലക്ഷ്യങ്ങളെ ചുവടെപിടിച്ചുകൊണ്ട് സെന്റ്തോമസ് എൽ. പി. സ്കൂൾ ഉപ്പുകുളം വിദ്യാഭ്യാസ പുരോഗതിക്കായി ലക്ഷ്യമിടുന്ന ചില പ്രവർത്തന പദ്ധതികൾ.

## പൊതുലക്ഷ്യങ്ങൾ

- സ്കൂളിൽ എത്തുന്ന എല്ലാ കുട്ടികൾക്കും പഠനത്തിനും വ്യക്തിത്വ വികാസത്തിനും തുല്യ അവസരങ്ങൾ സൃഷ്ടിക്കുക അവരുടെ കഴിവുകളെ പരിപോഷിപ്പിക്കാനുള്ള അവസരങ്ങൾ ഒരുക്കുക.
- കുട്ടികളുടെ ശാരീരിക മാനസിക വൈകാരിക ആരോഗ്യം ഉറപ്പാക്കുക.
- മാതൃഭാഷയോടൊപ്പം മറ്റു ഭാഷകളെയും പരിപോഷിപ്പിക്കാനുള്ള നിരവധി അവസരങ്ങൾ നൽകുക.
- മത നിരപേക്ഷ ജനാധിപത്യ സംസ്ക്കാരം വികസിപ്പിക്കാൻ ആവശ്യമായ മൂല്യബോധം സൃഷ്ടിക്കുക സ്ത്രീ പുരുഷസമത്വം ഉറപ്പാക്കുക.

- വിദ്യാലയ പ്രവർത്തനങ്ങൾക്ക് പിന്തുണയും ശ്രദ്ധയും ഉറപ്പാക്കാൻ ജനകീയ സംവിധാനങ്ങൾ പൂർവ്വ വിദ്യാർത്ഥി സംഘടനകൾ എന്നിവയുടെ സഹകരണം ഉറപ്പാക്കുക.
- പരിസരവുമായി ഇണങ്ങി പ്രകൃതിയെ അനുഭവിച്ച് പഠിക്കുന്നതിനായി വിദ്യാലയാന്തരീക്ഷത്തെ ജൈവവൈവിധ്യാ സമ്പുഷ്ടമാക്കുക.
- വൃത്തിയുള്ള വിദ്യാലയ അന്തരീക്ഷം നിലനിർത്തുന്നതിലൂടെ പ്ലാസ്റ്റിക് രഹിതവും മാലിന്യവിമുക്തവുമായ ശുചിത്വ സുന്ദര വിദ്യാലയം സൃഷ്ടിച്ചു കൊണ്ട് ശുചിത്വത്തിന്റെ മഹനീയ പാഠങ്ങൾ വിദ്യാർത്ഥികളിൽ രൂഢമൂലമാക്കുക.
- ആരോഗ്യമുള്ള വിദ്യാർത്ഥികളെ വാർത്തെടുക്കുന്നതിനായി പോഷക സമൃദ്ധമായ ഭക്ഷണവും ആരോഗ്യവിദ്യാഭ്യാസവും, ആയോധന കലകളിലെ പരിശീലനവും കായിക പരിശീലനവും സമഗ്രമായി നടപ്പാക്കുക.
- നിശ്ചിത പഠനദിനങ്ങളും നിർദ്ദിഷ്ട പഠനമണിക്കൂറുകളും പൂർണ്ണമായും പ്രയോജനപ്പെടുത്തി കുട്ടികളുടെ സർവ്വതോൻമുഖമായ വികാസം നടപ്പാക്കുക.
- കുട്ടികളുടെ അക്കാദമികേതര കഴിവുകളെ ഊർജ്ജസ്വലമായി വളർത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള നിരവധി സാധ്യതകൾ ഒരുക്കുക.
- ശാസ്ത്രസാങ്കേതിക വിദ്യയുടെ നേട്ടങ്ങൾ കുട്ടികളിൽ പരമാവധി എത്തിക്കുവാൻ ആധുനിക ശാസ്ത്ര സാങ്കേതിക ഉപകരണങ്ങൾ പരമാവധി ക്ലാസ്റും പ്രവർത്തനങ്ങളിൽ ഉൾപ്പടുത്തി ഉപയോഗിച്ചു കൊണ്ട് പഠനം കുട്ടികൾക്ക് ഏറെ രസപ്രദവും ഫലവത്തും ആക്കുക.

- വിജ്ഞാനത്തിന്റെ വിശാലലോകത്തിലേക്ക് വാതിൽ തുറക്കുന്നതിനായി വായനയുടെ അനവധി സാധ്യതകൾ കുട്ടികളിൽ എത്തിക്കുന്നതിന് ലൈബ്രറി സജ്ജമാക്കുകയും വായനാ സാമഗ്രികൾ കുട്ടികൾക്ക് പരമാവധി നൽകുകയും ചെയ്യുക.
- സർഗാത്മക കഴിവുകൾ വികസിപ്പിക്കുന്നതിനായി പഠനപ്രവർത്തനങ്ങളോടൊപ്പം നിരവധി കലാ പ്രവർത്തന സാധ്യതകൾ നൽകുക.
- പാർശ്വവത്ക്കരിക്കപ്പെട്ടവരെയും സമൂഹത്തിൽ വേദന അനുഭവിക്കുന്നവരെയും സഹായിക്കാനുള്ള മനോഭാവം കുട്ടികളിൽ വളർത്തിയെടുക്കാനുള്ള നല്ലപാഠം പോലുള്ള പ്രവർത്തന പദ്ധതികൾ നടപ്പാക്കുക.

# സ്കൂൾ ചരിത്രം

വിജ്ഞാനവും വിദ്യാഭ്യാസവും പുരോഗതിയും തീർത്തും അപ്രാപ്യമായിരുന്ന മലയോര മേഖലയിൽ പുരോഗതിയുടെ വെള്ളിവെളിച്ചം വീശി കൊണ്ട് നന്മയുടെ തിരിനാളങ്ങളായി അനേകം മക്കളെ സമൂഹത്തിന്റെ ഉന്നതധാരയിലേക്ക് എത്തിക്കുവാൻ വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് നവോന്മേഷവും ഊർജവും കരുത്തും നൽകികൊണ്ട് എന്നും വ്യക്തിമുദ്ര പതിപ്പിച്ച്കൊണ്ടിരിക്കുന്ന കർമ്മലീത്ത സഭയുടെ പാലക്കാട് ജയ്ക്രിസ്റ്റോ എജ്യുക്കേഷൻ ഏജൻസിയുടെ കീഴിൽ മണ്ണാർക്കാട് താലൂക്കിലെ അലനല്ലൂർ ഗ്രാമപഞ്ചായത്തിൽ 1983 ൽ സെപ്തംബർ 1 ാം തിയ്യതി സെന്റ് തോമസ് എൽ. പി. സ്കൂൾ എടത്തനാട്ടുകരയിലെ ഉപ്പുകുളം പ്രദേശത്ത് അക്ഷരജ്യോതിയായി പിറവികൊണ്ടു .കോർപ്പറേറ്റ് മനേജരായ സി. പ്രീമ പ്രധാന അധ്യാപികയായ സി. റോസറിറ്റ എന്നിവരായിരുന്നു ഈ സ്ഥാപനത്തിന്റെ ആരംഭകാലത്തെ സാരഥികൾ . സ്കൂൾ കെട്ടിടത്തിന്റെ പണി പൂർത്തിയാകാതിരുന്ന ആദ്യകാലങ്ങളിൽ സ്ഥാപനത്തോടുള്ള സെന്റ് വില്യംസ് പള്ളിയോടനുബന്ധിച്ചുള്ള സ്ഥലത്താണ് അക്ഷര. ജ്ഞാനം തുടങ്ങിയത്.

1983 ഒക്ടോബർ 5 ാം തിയ്യതി പാലക്കാട് ഡി ഇ. ഒ. യിൽ നിന്നും

1- ാം ക്ലാസ്സ് തുടങ്ങുന്നതിനുള്ള അനുമതി ലഭിക്കുകയും സ്കൂൾ ലോക്കൽ മനേജരായി സി. അർസീനിയ സ്ഥാനമേൽക്കുകയും ചെയ്തു. ശൈശവദശയിൽ 90 കുട്ടികളായാണ് ഈ വിദ്യാലയത്തിന്റെ ആരംഭം. സൗകര്യങ്ങളുടെ അപര്യാപ്തതയിൽ കൃത്യമായ ആസൂത്രണത്തോടെയും ദിശാബോധത്തോടെയും അധ്യാപകരും രക്ഷിതാക്കളും പ്രവർത്തിച്ചതിന്റെ

ഫലമായി ഉയർച്ചയുടെ പടവുകളിലേക്ക് ഓരോ വർഷവും മുന്നേറു
നായി ഈ വിജ്ഞാന ക്ഷേത്രത്തിനു കഴിഞ്ഞിട്ടുണ്ട്.

അക്കാദമികവും അക്കാദമികേതരവുമായ നിരവധി പ്രവർത്തന
ളിൽ മികവു പുലർത്തിമുന്നേറികൊണ്ട് ഈ സബ്ജില്ലയിൽ തന്നെ അ
പ്പെടുന്ന ഒരു വിദ്യാലയമായി തീരുവാൻ സെന്റ് തോമസ് സ്കൂളിന്
ഞ്ഞിട്ടുണ്ട്. തത്ഫലമായി ഈഅധ്യായന വർഷത്തിലും ശാസ
പ്രവർത്തി പരിചയമേളയിലും കലാമത്സരങ്ങളിലും ഉപജില്ല, ജില്ലാ
ത്തിലേക്കും പങ്കെടുപ്പിച്ച്കൊണ്ട് ഓവറോൾ ചാമ്പ്യന്മാരായി മിക
പുലർത്തുവാനും കഴിഞ്ഞിട്ടുണ്ട്.

അധ്യാപകരുടെയും രക്ഷിതാക്കളുടെയും കൂട്ടായ പരിശ്രമത്തി
ഫലമായി സ്ക്കൂളിലെ 90 ശതമാനം കുട്ടികൾക്കും പഠനപ്രവർത്തന
ളിൽ മികവു പുലർത്തുവാൻ കഴിഞ്ഞിട്ടുണ്ട്. ഭാവിയിൽ സമൂഹ ന
ലേക്ക് മൂല്യവത്തായ ഒരു ജനതയെ വാർത്തെടുക്കുക, വിദ്യാഭ്യ
പ്രവർത്തനങ്ങളിലൂടെ സ്ത്രീകളുടെയും കുട്ടികളുടെയും സാമൂഹികഉ
നത്തിനായി ദീർഘവീക്ഷണത്തോടെ പ്രവർത്തിക്കുക എന്ന ല
ത്തോടെ ഈ വിദ്യാലയം മുന്നേറികൊണ്ടിരിക്കുന്നു.

# വിദ്യാലയം മികവിന്റെ കേന്ദ്രം

## തനതുമികവുകൾ

- ശിശുസൗഹൃദവിദ്യാഭ്യാസത്തിന് അനുയോജ്യവും വിദ്യാർത്ഥികളെ ആകർഷിക്കുന്നതുമായ മനോഹരമായ സ്കൂൾ അന്തരീക്ഷവും ആധുനികസജ്ജീകരണങ്ങളോടുകൂടിയ പഠനാന്തരീക്ഷം നിലനിർത്തുന്നതിനാവശ്യമായ ക്ലാസ് റൂമുകൾ
- അർപ്പണ മനോഭാവത്തോടെ ഒത്തൊരുമയോടെയുള്ള കൂട്ടായപ്രവർത്തനം എന്ന ആപ്ത വാക്യം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന ഒരു കൂട്ടം അധ്യാപകർ
- . കുട്ടികളുടെ സാമൂഹികവും സാമ്പത്തികവും കുടുംബപരവുമായ സാഹചര്യങ്ങളെ നേരിൽ കണ്ട് അവസരോചിതമായ ഗൃഹസന്ദർസന വേളയിലൂടെ പഠനത്തിനുവേണ്ട പ്രോത്സാഹനവും സഹായ സഹകരണങ്ങളും നൽകുന്നു.
- ആഴ്ചയിൽ 2 ദിവസം മലയാളം , 2 ദിവസം ഇംഗ്ലീഷ് ഒരു ദിവസം അറബി എന്നീ ഭാഷകളിലുള്ള അസംബ്ലി.
- ഇംഗ്ലീഷ്, മലയാളം ഭാഷകളിലുള്ള പത്രവായന.
- വിദ്യാലയത്തിലേക്ക് കടന്നുവരുന്ന ഏവർക്കും പ്രകൃതിയുടെ പാഠങ്ങൾ പകർന്നു നൽകുന്ന ജൈവവിധ്യ ഹരിതവിദ്യാലയം (ഔഷധത്തോട്ടം, പൂന്തോട്ടം, പച്ചക്കറിത്തോട്ടം ,ഫലവൃക്ഷങ്ങൾ)
- വൃത്തിയുള്ള വിദ്യാലയം ആരോഗ്യപൂർണ്ണമായ പഠനം എന്ന കാഴ്ചപ്പാടോടെ മാലിന്യങ്ങളെ പ്രത്യേകം തരംതിരിച്ച് നിക്ഷേപിക്കുന്നതിനുള്ള സംവിധാനം.

- കുട്ടികളുടെ ആരോഗ്യകായികശേഷിയെയും മാനസികശേഷിയെയും സർഗാത്മകാഭിരുചിയെയും വളർത്തി പരിപോഷിപ്പിക്കുന്ന തരത്തിലുള്ള കരാട്ടെ , നൃത്തം, കായികം എന്നിവയുടെ ചിട്ടയോടെയുള്ള പരിശീലനം.
- കുട്ടികളുടെ മാനസികോർജ്ജത്തെ വളർത്തി കളിച്ചു രസിച്ച് പഠിക്കുന്നതിന് പര്യാപ്തമായ കളിക്കോപ്പുകളോടുകൂടിയ വിശാലമായ പാർക്ക്.
- കുട്ടികളുടെ വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് ഊർജ്ജം പകരുന്നതിനായി ശക്തമായ പി,ടി,എ യും ഇടവിട്ടുള്ള ബോധവത്ക്കരണ ക്ലാസുകളും.
- സമൂഹ പങ്കാളിത്തം ഉറപ്പാക്കുന്നതിന് ഇടവിട്ടുള്ള പൂർവ്വവിദ്യാർത്ഥി സംഗമങ്ങൾ.
- കുട്ടികളുടെ യാത്രാസൗകര്യം സുഗമമാക്കുന്നതിനായി സ്കൂൾ ബസിന്റെ സേവനം.
- വായനയുടെ ഉയർന്നതലത്തിലേക്ക് കുട്ടികളെ വളർത്തുന്നതിന് സജ്ജമായ ലൈബ്രറി.

## പദ്ധതിരൂപീകൃത പ്രക്രിയ- വിവിധഘട്ടങ്ങൾ

- SRG യോഗത്തിൽ സെന്റ് തോമസ് എൽ. പി സ്കൂൾ വിഷൻ എന്ന വികസന കാഴ്ചപ്പാട് അവതരിപ്പിക്കലും ചർച്ചയും.
- വികസന ആവശ്യങ്ങൾ ക്ലാസ് - വിഷയം അടിസ്ഥാനത്തിൽ ഭൗതികം - അക്കാദമികം - സാമൂഹികം എന്നിങ്ങനെ തിരിച്ച് കരട് രൂപരേഖ തയ്യാറക്കൽ.
- കരട് രൂപരേഖ SRG, SMC, PTA , MPTA, OSA രാഷ്ട്രീയ സംഘടന പ്രതിനിധികൾ ജനപ്രതിനിധികൾ തുടങ്ങിയവരടങ്ങുന്ന ശില്പശാല യിൽ അവതരിപ്പിക്കൽ.
- ശില്പശാലയിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ കൂട്ടിച്ചേർക്കൽ.
- P.T.A നേതൃത്വത്തിൽ ക്രോഡീകൃത പദ്ധതി രേഖ തയ്യാറാക്കൽ.

# പൊതുവിവരങ്ങൾ

## സെന്റ് തോമസ് എൽ.പി. സ്കൂൾ, ഉപ്പുകുളം

| | | |
|---|---|---|
| സർവ്വേ നമ്പർ | : | |
| ദേശം | : | ഉപ്പുകുളം |
| വില്ലേജ് | : | അലനല്ലൂർ III |
| താലൂക്ക് | : | മണ്ണാർക്കാട് |
| ഗ്രാമപഞ്ചായത്ത് | : | അലനല്ലൂർ |
| വാർഡ് | : | ഉപ്പുകുളം |
| ബി ആർ സി | : | മണ്ണാർക്കാട് |
| ബ്ലോക്ക് | : | മണ്ണാർക്കാട് |
| ജില്ല | : | പാലക്കാട് |
| നിയമസഭാ മണ്ഡലം | : | മണ്ണാർക്കാട് |
| പ്രധാനാധ്യാപിക | : | സജി ആന്റണി<br>Ph : 9496360674 |
| സ്ഥാപക മാനേജർ | : | സിസ്റ്റർ ലിയോണി |
| സ്കൂൾ വിലാസം | : | സെന്റ് തോമസ് എൽ പി സ്കൂൾ<br>ഉപ്പുകുളം പി ഒ,<br>അലനല്ലൂർ വഴി<br>പാലക്കാട് ജില്ല<br>പിൻ 678601 |

# നിലവിലുള്ള അവസ്ഥ

ഇപ്പോൾ പ്രീപ്രൈമറി മുതൽ 4ാം ക്ലാസുവരെ പഠന സൗകര്യമുണ്ട്. രണ്ട് ഡിവിഷനുകളായി പ്രവർത്തനം തുടർന്നു കൊണ്ടിരിക്കുന്നു

1 മുതൽ 4 വരെ 161 കുട്ടികളും പ്രീ പ്രൈമറിയിൽ 69 കുട്ടികളുമുണ്ട്. എസ്.സി വിഭാഗത്തിൽ 9 കുട്ടികൾ ഉണ്ട്. 126 കുട്ടികൾ അറബി ഭാഷയിലും പ്രാവീണ്യം നേടുന്നുണ്ട്. അക്കാദമിക പ്രവർത്തന രംഗത്ത് കൂട്ടായ്മയോടെ പ്രവർത്തിക്കുന്ന നല്ലൊരു ടീം ഈ വിദ്യാലയത്തിനുണ്ട്.

1 മുതൽ 4 വരെ 9 അധ്യാപകർ സേവനം ചെയ്തു കൊണ്ടിരിക്കുന്നു. ഇവരിൽ ഒരാൾ അറബി അധ്യാപികയാണ്. പ്രീ പ്രൈമറിയിൽ 2 അധ്യാപകരും ഒരു സഹായിയും സേവനം ചെയ്യുന്നു. ഹരിത വിദ്യാലയത്തിന്റെ മനോഹരിത നിലനിർത്തിക്കൊണ്ട് ഹരിതോദ്യാനവും ഔഷധത്തോട്ടവും ഒരുക്കിയിട്ടുണ്ട്. പൊതു വിദ്യാലയങ്ങളിലെ ഹൈടെക്ക് സമീപനത്തോട് യോജിച്ചു കൊണ്ട് എല്ലാ അധ്യാപകരും ICT സാധ്യതകൾ പരമാവധി കുട്ടികളിലെത്തിച്ചു കൊണ്ട് പഠനം രസകരവും കൗതുകവുമാക്കാൻ ഏറെ പരിശ്രമിച്ചു കൊണ്ടിരിക്കുന്നു. ഇതിനായി കമ്പ്യൂട്ടർലാബ് ഇന്ന് ഈ വിദ്യാലയത്തിന് കൈമുതലായുണ്ട്. കുട്ടികൾക്ക് ഉല്ലസിക്കുന്നതിനായി മനോഹരമായ പാർക്ക് സജ്ജമാക്കിയിട്ടുണ്ട്.

ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം മൂത്രപ്പുരയും കക്കൂസ്യമുണ്ട്. കുടിവെള്ള ലഭ്യതക്ക് കിണറും പമ്പുസെറ്റും ടാങ്കും വാട്ടർ പ്യൂരിഫയറും സ്ഥാപിച്ച് കുട്ടികൾക്ക് ശുദ്ധമായ ജലം ലഭ്യമാക്കി കൊണ്ടിരിക്കുന്നു .പോഷക സമൃദ്ധമായ ആഹാരം പാകം ചെയ്യുന്നതിനായി അടുക്കള, സ്റ്റോർ റൂം, ചുറ്റുമതിൽ, കളിസ്ഥലം എന്നിവ ഉണ്ട്.

## മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

1.ഓപ്പൺ ഓഡിറ്റോറിയം,

2. ഡൈനിംഗ് ഹാൾ എന്നിവയുടെ അഭാവം

# ഇംഗ്ലീഷ് ഭാഷ വികസനം

## പ്രവർത്തനം 1 ഭാഷ ശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് നന്നായി വായിക്കാനും എഴുതാനും, സംസാരിക്കാനുള്ള ശേഷി വികസനം | 1. ഇംഗ്ലീഷിൽ തന്നെ ഇംഗ്ലീഷ് ക്ലാസ്സ് എടുക്കുക<br>2. ഇംഗ്ലീഷ് ക്ലബ് പ്രവർത്തനങ്ങൾ കാര്യക്ഷമം ആക്കൽ | എല്ലാ ക്ലാസ്സും<br>ആഴ്ചയിൽ ഒരു ദിവസം ഒരു വർഷത്തേക്ക് | ബന്ധപ്പെട്ട ടീച്ചർ<br>ഇംഗ്ലീഷ് club സെക്രട്ടറി Incharge | |

| | | | | |
|---|---|---|---|---|
| | 1. ആഴ്ചയിൽ ഒരു ദിവസം ഇംഗ്ലീഷ് assembly മാറി മാറി ഓരോ ക്ലാസിനും ചുമതല<br>2. ഓരോ മാസവും ഇംഗ്ലീഷ് fest നടത്തൽ | ആഴ്ചയിൽ ഒരു ദിവസം<br>July --march | ക്ലാസ്സ് ടീച്ചർ<br>ക്ലാസ്സ് ടീച്ചർ | |

# പ്രവർത്തനം 2- ഇംഗ്ലീഷ് തിയറ്റർ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷയിൽ സർഗ്ഗാത്മക ശേഷി വികസനം | ഇംഗ്ലീഷ് fest നടത്തൽ കഥ, കവിത, കോൺവെർസേഷൻ, picture description എന്നിവ കൈകാര്യം ചെയ്യൽ | July -മാർച്ച് മാസത്തിലൊരിക്കൽ | ക്ലാസ്സ് ടീച്ചർ | PTA |
| | ഉത്പന്നങ്ങൾ പ്രസദീകരിക്കൽ CPTA യെ കാണിക്കൽ | | | PTA |

| | | | | |
|---|---|---|---|---|
| | Spoken ഇംഗ്ലീഷ് പരിശീലനം | ആഴ്ചയിൽ ഒരു ദിവസം July –march | ഇംഗ്ലീഷ് ടീച്ചർ | SRG |
| | പാഠഭാഗങ്ങളെ വ്യത്യസ്തമായ വ്യവഹാര രൂപങ്ങളില്ലേയ്ക്ക് മാറ്റി അവതരണം | മാസത്തിലൊരിക്കൽ | ക്ലാസ്സ് ടീച്ചർ | |

## വിധ ടാലെന്റ്റ് ലാബുകൾ (W. E & Art)

| ...ക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ...പ്രവൃത്തി ...രിചയ ...രിശീലനം | തല്പരരായ കുട്ടികൾക്ക് പ്രവൃത്തി പരിചയത്തിൽ പരിശീലനം നൽകി മികച്ച ഉത്പന്നങ്ങൾ ഉണ്ടാക്കൽ<br><br>ഇതിനായി വിദഗ്ദരുടെ സേവനം ഉപയോഗപെടുത്തൽ | ആഴ്ചയിൽ ഒരിക്കൽ<br><br>മാസത്തിൽ ഒരിക്കൽ | SRG | PTA, മാനേജ്മെന്... |
| ...ര ...വുള്ളവർക്ക് ...രിശീലനം | കലാവാസനകൾ ഉള്ള കുട്ടികൾക്ക് വിദഗ്ദരെ പങ്കെടുപ്പിച്ചു പരിശീലനം നൽകൽ | ആഴ്ചയിൽ ഒന്ന്<br><br>മാസത്തിൽ ഒരിക്കൽ | SRG | PTA, മാനേജ്മെന്... |

# ഉപമേഖല - കായിക വിദ്യാഭ്യാസം

| ക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ട്ടികളുടെ കായിക ശേഷി വർദ്ധിപ്പിച്ചു മികവിലെത്തി ക്കൽ | 1.വിവിധ കായിക പരിശീലനം നൽകൽ | ആഴ്ചയിൽ ഒരു ദിവസം | ക്ലാസ്സ് ടീച്ചർ | |
| | 2.Drill, Zumba dance | ആഴ്ചയിൽ 2 ദിവസം | ബന്ധപ്പെട്ട ടീച്ചർ | |
| | 3.കരോട്ട പരിശീലനം | ആഴ്ചയിൽ ഒരു ദിവസം | കരോട്ട അദ്ധ്യാപകൻ | PTA |

# സ്കോളർഷിപ് പരിക്ഷ പരിശീലനം

| ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| മാവധി<br>ട്ടികൾക്ക്<br>olarship<br>്യമാക്കൽ | LSS പരിശീലനം<br>വളരെ<br>കൃത്യമായി<br>നൽകൽ | July – February | ക്ലാസ്സ് ടീച്ചർ | Mangement, PTA |

## ഉപമേഖല - മലയാളം
### പ്രവർത്തനം 1 - ഭാഷാശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1). എല്ലാ കുട്ടികൾക്കും മലയാളം അനായാസമായി എഴുതാനും വായിക്കാനും ഉള്ള ശേഷി വികസനം (ശ്രദ്ധ, നവപ്രഭ) ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | 1). അക്ഷരം ഉറപ്പിക്കൽ<br>2).ചിഹ്നം ഉറപ്പിക്കൽ<br>3). പദ നിർമ്മാണം<br>4).വാക്യനിർമ്മാണം<br>5). ഭാഷാപരമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേകം ക്ലാസ് | 2 മാസം 1 വർഷ ക്കാലം | ടീച്ചർ, SRG | PTA, |
| 2).എല്ലാ കുട്ടികളേയും സ്വതന്ത്ര വായനക്കാരാക്കുക | 1. ക്ലാസ് വായനാക്കൂട്ടം രൂപീകരിക്കൽ.<br>2.ക്ലാസ് ലൈബ്രറി നവീകരിക്കൽ<br>3. പുതുവർഷം പുസ്തകവർഷം<br>4.ക്ലാസ് നിലവാരത്തിനനുസരിച്ച് പുസ്തകങ്ങൾ ലഭ്യമാക്കൽ.<br>5. വായനക്കൊരു വാർഷിക പദ്ധതി (ഓരോ ക്ലാസ്സിലെയും വായനാ ലക്ഷ്യം തീരുമാനിക്കൽ)<br>6. സ്കൂൾ ലൈബ്രറി നവീകരണം<br>7.റീഡിംഗ് റൂം പ്രത്യേക സൗകര്യമൊരുക്കൽ<br>8.വായനോത്സവം<br>9.ജന്മദിന പുസ്തകം<br>10.പത്രവായന | 6 മാസം- 1 വർഷം<br>ആവശ്യമനുസരിച്ച്<br>3 മാസം<br>6 മാസം-1 വർഷം | ടീച്ചർ<br>അധ്യാപകർ, SRG | PTA<br>PTA |

| ഉപമേഖല: | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക/ പിന്തുണ |
| 1.പത്രവായന പരിപോഷിപ്പിക്കുക | പത്രവായന - പരമാവധി പത്രങ്ങൾ സ്പോൺസർഷിപ്പിലൂടെ ലഭ്യമാക്കൽ. | 3 മാസം | | PTA |
| | ഓരോ ക്ലാസിനും ഓരോ പത്രം. | | | |
| | രാവിലെ പ്രധാന പത്രവാർത്തകളുടെ അവതരണം പത്ര ക്വിസ് | ദിവസേന<br>ആഴ്ചയിൽ ഒരു ദിവസം | അധ്യാപകർ | PTA |
| 2.സർഗ്ഗശേഷി വികസനം | വായനാനുഭവം പങ്കുവെക്കൽ | | | |
| | സാഹിത്യക്വിസ്- രചനാ ശില്പശാല (കവിത,കഥ) | വർഷത്തിൽ 1 തവണ | SRG | PTA |
| | ക്ലാസ്തല, സ്കൂൾതല പത്രം പ്രസിദ്ധീകരിക്കൽ | മാസത്തിൽ 1 തവണ<br>6 മാസത്തിൽ ഒരിക്കൽ | SRG | PTA<br>Sponsorship |
| | പുസ്തകചർച്ച, പുസ്തകാസ്വാദനം ഇ-വായന | മാസത്തിൽ 1 തവണ | | |
| | സാഹിത്യകാരനുമായി സംവദിക്കൽ | വർഷത്തിൽ 1 തവണ | SRG | PTA |
| | അമ്മമാർക്കൊരു പുസ്തകം (വീടുകളിലേക്ക് കുട്ടികൾ വശം) | ആഴ്ചയിൽ ഒരിക്കൽ | | |

# ഗണിതം

മേഖല - അക്കാദമികം

ഉപമേഖല - ഗണിതം

ക്ലാസ്- I

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കളികളും നിർമ്മാണ പ്രവർത്തനങ്ങളും ഉൾപ്പെടുത്തി ഗണിതം ലളിതമാക്കൽ | 1) ഗണിത മാഗസിൻ<br>2) ജ്യാമിതീയ രൂപങ്ങളുടെ നിർമ്മാണം ഏകദിനക്യാമ്പ്<br>3) ഗണിതക്യാമ്പ് ഗണിത പ്രവർത്തനങ്ങൾ കളിയിലൂടെ | ജൂൺ - മാർച്ച്<br>സപ്തംബർ<br>മാസത്തിൽ ഒന്ന് വീതം | ടതെഎ<br>ക്ലാസ് ടീച്ചർ<br>SRG ക്ലാസ് ടീച്ചർ | SSA |

മേഖല - അക്കാദമികം

ഉപമേഖല - ഗണിതം

ക്ലാസ്- II

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിത ചിന്താ ശേഷി വളർത്തൽ | ഒരു ദിനം ഒരു ചോദ്യം (കുസൃതി കണക്കുകളും, ഗണിത പസിലുകളും പരിചയപ്പെടൽ)<br><br>ഗണിത ക്യാമ്പ് (ഗണിതം കളികളിലൂടെ) | ആഴ്ചയിൽ ഒന്ന് വീതം<br><br>മാസത്തിൽ ഒന്ന് വീതം | SRG<br>ക്ലാസ് ടീച്ചർ | SSA |

മേഖല - അക്കാദമികം

ഉപമേഖല - ഗണിതം

ക്ലാസ്- III

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ജ്യാമിതീയ സൗന്ദര്യം തിരിച്ചറിയാം | ഒറിഗാമി ശില്പശാല രസകരമായി ഗണിതപഠനവും നിർമാണ പ്രവർത്തനങ്ങളുടെ ആസൂത്രണവും. ഒറിഗാമിടാൻഗ്രാം രൂപങ്ങൾ നിർമ്മിക്കൽ, പ്രദർശിപ്പിക്കൽ | ഒക്ടോബർ | SRG<br>PTA | S S A |
| ഗണിതം ലളിതമാക്കാം കളികളിലൂടെ | മെട്രിക് മേള ഗണിതോത്സവം | ജനുവരി | SRG<br>ക്ലാസ് ടീച്ചർ | S S A<br>Staff<br>S M C |

# ഗണിതം (Std IV)

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| **കളിക്കാം..ഗണിക്കാം** | | | | |
| ഗണിത പഠനം രസകരമാക്കൽ (ചതുഷ്ക്രിയകൾ ലളിതമാക്കൽ) | വിവിധതരം കളികൾ ആസൂത്ര ണം ചെയ്യൽ- നടപ്പാക്കൽ- മൂല്യനിർണയം. (ഏണിയും പാമ്പും . ഡയസ് കളി) സങ്കലനം- വ്യവകലനം. (കച്ചവടക്കളി) | വർഷം മുഴുവൻ | SRG<br>ക്ലാസ് ടീച്ചർ | |
| **ഒറിഗാമിയിലൂടെ പഠിക്കാം..** | | | | |
| ഗണിത ശാസ്ത്ര പഠനം രസകരമാക്കൽ- കര ചലന ശേഷി വികാസം | ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം പ്രദർശനം | വർഷത്തിലൊരിക്കൽ (ഉചിതമായ സമയത്ത് ) | ക്ലാസ് ടീച്ചർ | PTA |
| **ഗണിതലാബ്** | | | | |
| ഗണിത പഠന പ്രവർത്തനം സുതാര്യമാക്കൽ | ഗണിത ലാബ് ഒരുക്കൽ- പഠനത്തിന് ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | HM<br>SRG<br>ക്ലാസ് ടീച്ചർ | PTA |
| **ഗണിതച്ചുമർ** | | | | |
| ഗണിത രൂപങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ | ഗണിത ച്ചുമർ ഒരുക്കൽ ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | PTA |
| **ഗണിതപഠനോപകരണശില്പശാല** | | | | |
| പഠനോപകരണങ്ങളിലൂടെ ഗണിതപഠനം രസകരമാക്കൽ | പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമ്മാണം - പ്രദർശനം | ആവശ്യാനുസരണം | SMC<br>ക്ലാസ് ടീച്ചർ | PTA |
| **ഗണിതമേള** | | | | |
| ഗണിത ശേഷികളുടെ പ്രകടനം | പ്രശ്നോത്തരി പസിൽ പാറ്റേൺ പഠന ഉൽപന്നങ്ങളുടെ പ്രദർശനം | വർഷത്തിലൊന്ന് | SRG<br>ക്ലാസ് ടീച്ചർ | PTA |

# പരിസരപഠനം

മേഖല - അക്കാദമികം

ഉപമേഖല - പരിസരപഠനം

ക്ലാസ് - I

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആഹാര ശീലങ്ങളും, ഭക്ഷണ വസ്തുക്കളുടെ പ്രത്യേകതകളും തിരിച്ചറിവ്. | ഭക്ഷ്യമേള-പ്രദർശനം നാടൻ വിഭവങ്ങൾ ഉപയോഗിച്ചുള്ള പാചകവും രുചി അറിവും | ജൂൺ- ജൂലൈ ആഗസ്ത് | ക്ലാസ് ടീച്ചർ SRG SMC | |
| പ്രകൃതിയെ അറിയുന്നതിനും ആസ്വദിക്കുന്നതിനും | പുഷ്പോദ്യാനം, ഔഷധത്തോട്ടം, ചുറ്റുവട്ടത്താകെ | ഡിസംബർ ജനുവരി | SRG SMC | SMC |

മേഖല - അക്കാദമികം

ഉപമേഖല - പരിസരപഠനം

ക്ലാസ്- II

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശുചിത്വബോധമുള്ള വ്യക്തിത്വവും സമൂഹവും സൃഷ്ടിക്കുന്നതിന്. | ശുചിത്വ സർവ്വേ<br>ക്ലാസുകൾ<br>പോസ്റ്റർ രചനാ മത്സരം<br>അവതരണങ്ങൾ | ജൂൺ, ജൂലൈ | ക്ലാസ് ടീച്ചർ<br>SRG<br>SMC | |
| പ്രകൃതിയെ അറിയാൻ. | പ്രകൃതി നടത്തം<br>കാഴ്ചബംഗ്ലാവിലേക്ക്.<br>കാണാക്കാഴ്ചകൾ<br>ഇല | സപ്തംബർ<br>ഡിസംബർ | ടീച്ചേർസ്<br>SRG<br>SMC | SMC |
| നാടറിയാൻ - നാട്ടറിവുകൾ | കർഷകരുമായി അഭിമുഖം.<br>കൃഷിയിടത്തിലേക്ക്.<br>നമുക്കും കർഷകരാകാം | ജനുവരി | SRG<br>SMC<br>നാട്ടുകാർ | |

മേഖല - അക്കാദമികം

ഉപമേഖല - പരിസരപഠനം

ക്ലാസ് - III

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രാവബോധം വളർത്തുക | കണ്ടെത്താം അറിയാം<br>ലഘു പരീക്ഷണങ്ങൾ കണ്ടെത്തുന്നു.<br>കുറിപ്പു തയ്യാറാക്കൽ. | ജൂൺ<br>ജൂലൈ<br>ആഗസ്റ്റ് | | |
| പ്രകൃതി വിഭവ സംരക്ഷണം | ജൈവ-വൈവിധ്യ പാർക്ക്<br>തടയണ, മഴക്കുഴിനിർമ്മാണം<br>ജലസ്രോതസ്സുകൾ<br>പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിലെ പങ്കാളിത്തം | ജൂലൈ<br>ഡിസംബർ | | |
| ശാസ്ത്ര പരീക്ഷണങ്ങളിൽ താൽപര്യം ജനിപ്പിക്കൽ | ശാസ്ത്ര പ്രതിഭകളെ അടുത്തറിയാം<br>പരീക്ഷണം വീട്ടിനകത്തും<br>ശാസ്ത്ര മാസികകൾ | | | |

# പരിസരപഠനം (Std IV)

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| **പ്രകൃതി നടത്തം** | | | | |
| നിരീക്ഷണം- അറിവു നിർമ്മാണം | പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ | ആവശ്യാനുസരണം | HM<br>CPTA | PTA |
| **ശാസ്ത്രമൂല** | | | | |
| ശാസ്ത്ര പഠനം ലളിതവും രസകരവുമാക്കൽ | ശാസ്ത്ര പഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ | വർഷം മുഴുവൻ | HM<br>SRG<br>ക്ലാസ് ടീച്ചർ | PTA<br>SSA |
| **ശാസ്ത്രയാത്ര** | | | | |
| ശാസ്ത്ര പഠനത്തിൽ താൽപര്യം ജനിപ്പിക്കൽ- അന്വേഷണ ത്വര വളർത്തൽ | വാന നിരീക്ഷണ കേന്ദ്രം<br>സയൻസ് പാർക്ക്<br>ശാസ്ത്ര മെഡിക്കൽ പ്രദർശനങ്ങൾ<br>ഫോക്ക്‌ലോർ അക്കാദമി ഇവ സന്ദർശിക്കൽ | ആവശ്യാനുസരണം | HM<br>SRG<br>CPTA<br>ക്ലാസ് ടീച്ചർ | PTA<br>രക്ഷിതാക്കൾ |
| **ഭൂപടമൊരുക്കാം** | | | | |
| കേരളം - ഇന്ത്യ- ഭൂപടവായന - സൂചിക - പരിചയപ്പെടൽ | ഭൂപട വായന<br>ഭൂപട രചന<br>സൂചികാനിർമ്മാണം<br>കളറ ഉപയോഗിക്കൽ | വർഷത്തിലൊന്ന് | SRG<br>ക്ലാസ് ടീച്ചർ | PTA |
| **ശാസ്ത്ര വിസ്മയ ചുമർ** | | | | |
| ശാസ്ത്രപഠനം രസകരമാക്കൽ | ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട വാർത്തകൾ, ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ | ആവശ്യാനുസരണം | SRG<br>ക്ലാസ് ടീച്ചർ | PTA |
| **ശാസ്ത്രോത്സവം** | | | | |
| ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം | ടസാശ,<br>പതിപ്പ്, ചാർട്ട്,<br>ആൽബം, പഠനോപകരണം, പരീക്ഷണം- ഇവയുടെ പ്രദർശനം | വർഷത്തിലൊരിക്കൽ | HM<br>SRG<br>ക്ലാസ് ടീച്ചർ | PTA |
| **ശാസ്ത്രമാസിക** | | | | |
| ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ രചന | ശാസ്ത്ര മാസികകളുടെ നിർമ്മാണം | വർഷത്തിലൊന്ന് | HM<br>SRG<br>ക്ലാസ് ടീച്ചർ | PTA |

മേഖല - അക്കാദമികം

ഉപമേഖല - അറബിക്

ക്ലാസ് - **I to IV**

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ക്ലാസ് | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| തെറ്റ് കൂടാതെ വായിക്കുവാനുള്ള കഴിവുണ്ടാക്കുന്നു. | - അക്ഷരവായന<br>- ക്ലാസ് വായന<br>- ലൈബ്രറി വായന<br>- ചിത്ര വായന<br>- മാഗസിൻ വായന<br>- വീടുവായന<br>- കഥാ വായന<br>- വായനാമത്സരങ്ങൾ<br>- മോണിറ്ററിംഗ്<br>- വാക്യങ്ങൾ ഉറപ്പിക്കൽ<br>- വ്യാകരണങ്ങൾ<br>- ഇ-വായന | I- II<br>I- II<br>III- IV<br>I- IV<br>III- IV<br>I- IV<br>III- IV<br>II- III-IV<br>I- IV<br>III- IV<br>I- IV | ജൂൺ-ജൂലൈ<br>ജൂൺ-ഫെബ്രുവരി<br>നവംബർ-ഡിസംബർ<br>ജൂൺ - മാർച്ച്<br>ജൂൺ - മാർച്ച്<br>ജൂൺ - മാർച്ച്<br>ജൂൺ - മാർച്ച്<br>ജൂൺ - മാർച്ച് | അധ്യാപകർ | അധ്യാപകർ<br>PTA<br>SRG |
| അറബി ഭാഷ സംസാരിക്കുന്നതിന് ആത്മവിശ്വാസം ഉണ്ടാക്കുന്ന തിന്. | -ഇ-ടെക്സ്റ്റ് ഉപയോഗിച്ച് അതിലുള്ള സംഭാഷണങ്ങൾ കേൾപ്പിക്കുന്നു.<br>- ലാംഗ്വേജ് ഗെയിംസ്<br>- റോൾ പ്ലേ<br>- ക്ലാസ് സംഭാഷണം<br>- കാർട്ടൂൺ<br>- പ്രദർശനം<br>- പദസമ്പത്ത് വർദ്ധിപ്പിക്കൽ<br>- ഡ്രാമാറ്റൈസേഷൻ | I- IV<br>I- IV<br>I- IV<br>III- IV<br>I- IV | ജൂലൈ -മാർച്ച്<br>ജൂലൈ -മാർച്ച്<br>ആഗസ്റ്റ്-ഫെബ്രുവരി | അധ്യാപകർ | അധ്യാപകർ<br>PTA |
| അറബി ഭാഷാ എഴുത്തിന്റെ പരിപോഷണം | - അക്ഷരങ്ങൾ ഉറപ്പിക്കൽ<br>- പദങ്ങൾ ഉറപ്പിക്കൽ<br>- ചിഹ്നങ്ങൾ ഉറപ്പിക്കൽ<br>- കൂട്ടി എഴുത്ത്<br>- അക്ഷരക്കാർഡ് നിർമ്മാണം<br>- കൈയ്യെഴുത്ത് മാസിക<br>- ചുമർ പത്രിക നിർമ്മാണം<br>- ചാർട്ടെഴുത്ത്<br>- ചിത്രകഥ നിർമ്മിക്കൽ<br>Translation.<br>-Malayalam to Arabic<br>-Arabic to Malayalam<br>Arabic to English<br>-English to Arabic | III- IV<br>I- II<br>I- II<br>I- II<br>I- II<br>I- II<br>III- IV<br>III- IV<br>II- III-IV<br>II- III-IV<br>I- IV | ജൂൺ - മാർച്ച്<br>ജൂൺ - മാർച്ച്<br>ജൂൺ - മാർച്ച്<br>ജൂൺ - മാർച്ച്<br>ഡിസംബർ<br>സപ്തംബർ - മാർച്ച്<br>ഒക്ടോബർ<br>ഫെബ്രുവരി<br>ജൂൺ - മാർച്ച് | അധ്യാപകർ | അധ്യാപകർ<br>PTA |

## പ്രതീക്ഷിത നേട്ടങ്ങൾ:

- ശിശുസൗഹൃദപരമായ അന്തരീക്ഷത്തിൽ മികച്ച പഠനാന്തരീക്ഷമൊരുക്കുന്നു.
- "സ്കൂൾ സമൂഹത്തിൽ"എന്ന ആശയം സാക്ഷാൽക്കരിക്കപ്പെടുന്നു.
- വിദ്യാലയ പ്രവേശന നിരക്ക് വർദ്ധിക്കുന്നു.
- മത നിരപേക്ഷ സമുഹത്തെ നില നിർത്താൻ കഴിയുന്നു.
- വിദ്യാഭ്യാസ രംഗത്തുള്ള ഗുണകരമല്ലാത്ത പ്രവർത്തനങ്ങൾക്ക് തടയിടുവാൻ കഴിയുന്നു.

## മോണിട്ടറിംങ്ങ് രീതി

- ഉദ്യോഗസ്ഥ തലത്തിലുള്ള മോണിട്ടറിംഗ് സ്കൂൾ തലം മുതൽ ശക്തമാക്കുന്നു.
- സോഷ്യൽ മോണിറ്ററിംഗ് രീതി ( പി.ടി.എ, എം. പി. ടി. എ, എസ്. എസ്. ജി, ഒ, എസ്. എ) എന്നിവരെ ഉൾപ്പെടുത്തി നടപ്പിലാക്കുന്നു.
- ദൈനംദിന മോണിട്ടറിംഗ് എച്ച്. എം. , എസ്. ആർ. ജി കൺവീനർ, പി. ടി. എ പ്രസിഡന്റ് എന്നിവരുടെ നേതൃത്വത്തിൽ നടത്തുന്നു.

## ഉപസംഹാരം

ഗുണമേന്മയുള്ള വിദ്യഭ്യാസം ഉത്തമ പൗരന്മാരെ രൂപപ്പെടുത്തുന്നു. മനുഷ്യത്വമുള്ള സാമൂഹ്യ നിർമ്മിതിക്ക് മൂല്യാധിഷ്ഠിത വിദ്യാഭ്യാസം കൂടിയേതീരു. ശരിയേത് തെറ്റേത് എന്ന തിരിച്ചറിഞ്ഞ് ശരി ചെയ്യാനും തെറ്റ് ചെയ്യാതിരിക്കാനുമുള്ള പ്രാപ്തി നേടാൻ ഓരോരുത്തരേയും സജ്ജമാക്കുന്ന പ്രക്രിയയാണല്ലോ വിദ്യാഭ്യാസം. എന്നാൽ വിദ്യാഭ്യാസരംഗത്തെ അപചയങ്ങൾ ഇപ്പോൾ തന്നെ ദൂരവ്യാപകമായ ദോഷഫലങ്ങൾ സൃഷ്ടിച്ചു കൊണ്ടിരിക്കുകയാണ്. ഈ കെടുതികൾക്ക് സമഗ്രവും ശാസ്ത്രീയവും സ്ഥായിയായതുമായ ബദലുകൾ സൃഷ്ടിക്കുന്നതിനുള്ള കർമ്മ പദ്ധതിയാണ് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം. അതിനാൽ കേരളത്തിന്റ നവോത്ഥാന മൂല്യങ്ങൾ സംരക്ഷിക്കപ്പെടണമെന്നാഗ്രഹിക്കുന്ന ഓരോരുത്തരുടേയും കടമയാണ് ഈ യജ്ഞത്തിൽ പങ്കാളികളാകുക എന്നുള്ളത്. നാട്യങ്ങളേതുമില്ലാതെ നന്മകളാൽ സമൃദ്ധമായ നമ്മുടെ വിദ്യാലയത്തിന്റെ പൈതൃകവും മാതൃകവും കാത്തു സൂക്ഷിക്കുന്നതിനും കൂടുതൽ സമ്പുഷ്ടമാക്കുന്നതിനു ഈ വികസനരേഖ ഉപകരിക്കുമെന്ന് സവിനയം പ്രതീക്ഷിക്കുന്നു.